"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് - കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടേറ്റിലെ മൂന്ന് ഹെൽപ് ഡെസ്ക് അസിസ്റ്റന്റുമാർ ജില്ലാതല-ബ്ലോക്ക്തല ഓഫീസുകളിലെ 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുടെ സേവനകാലയളവ് 2026-27 സാമ്പത്തിക വർഷം കൂടി ദീർഘിപ്പിച്ചു നൽകിയ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.280/2026/AGRI തീയതി, തിരുവനന്തപുരം, 13-03-2026

പരാമർശം:- 1. 26.02.2016-ലെ സ.ഉ(പി)നം.28/2016/ധന.
2. 28.04.2017-ലെ സ.ഉ(പി)നം.56/2017/ധന.
3. 21.07.2018-ലെ സ.ഉ(പി)നം.112/2018/ധന.
4 09.07.2019-ലെ സ.ഉ(പി)നം.81/2019/ധന.
5 11.01.2019-ലെ സർക്കുലർ നം.3/2019/ധന.
6 11.02.2021-ലെ സ.ഉ(പി)നം.29/2021/ധന.
7 22.07.2022-ലെ സർക്കുലർ നം.61/2022/ധന.
8 19.04.2025-ലെ സ.ഉ(പി)നം.54/2025/ധന.
9 18.02.2026-ലെ സ.ഉ(പി)നം.24/2026/ധന.
10 21.02.2026-ലെ സ.ഉ(സാധാ)നം.179/2026/അഗ്രി.
11 ആൾ കേരള അഗ്രി ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് ഫെഡറേഷനു വേണ്ടി ശ്രീമതി.സിന്ധുകുമാരി.സി സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

ഓഫീസ് ആട്ടോമേഷൻ & ഇൻഫ്രാസ്ട്രക്ചർ എന്ന പദ്ധതിയ്ക്ക് കീഴിൽ ഓണറേറിയം അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷമ വകുപ്പ് ഡയറക്ടേറിൽ തുടർന്നു വരുന്ന മൂന്ന് (3) ഹെൽപ്പ് ഡെസ്ക് അസിസ്റ്റന്റുമാരുടെയും, ജില്ലാതല-ബ്ലോക്ക്തല ഓഫീസുകളിലെ 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെയും (ആകെ 162 പേർ) സേവനകാലയളവ് 179 ദിവസം വീതമുള്ള രണ്ട് ടേമായി (ഒരു പ്രവൃത്തിദിവസത്തെ ഇടവേള നൽകി) പരാമർശം (8) ഉത്തരവിലെ കാറ്റഗറി III-ൽ നിഷ്കർഷിച്ചിട്ടുള്ള 800/-രൂപ ദിവസവേതനത്തിൽ പരമാവധി 21,600/- മാസവേതനത്തിൽ 2026-27 സാമ്പത്തികവർഷം കൂടി നിയമിക്കുന്നതിന് പരാമർശം (10) പ്രകാരം കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു.

2. എന്നാൽ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ 22,240 രൂപ (കൺസോളിഡേററ്ഡ് പേ) ഓണറേറിയം ലഭിച്ചുവരുന്നവരാണെന്നും, പുതിയ ഉത്തരവ് പ്രകാരം വേതനം 21,600/-രൂപയായി കുറഞ്ഞുവെന്നും, ദിവസവേതനാടിസ്ഥാനത്തിൽ 24 പ്രവൃത്തിദിവസം കണക്കാക്കിയാൽ ഇത് 20,000/-രൂപയിൽ താഴെയാകുമെന്നും, അതിനാൽ മുൻ വർഷങ്ങളിലേതുപോലെ കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ കരാർ പുതുക്കുന്നതിന് ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് ആൾ കേരള അഗ്രി ഡാറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് ഫെഡറേഷനു വേണ്ടി ശ്രീമതി.സിന്ധുകുമാരി.സി പരാമർശം (11) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദിവസവേതന/കരാർ നിയമനവുമായി ബന്ധപ്പെട്ട് പരാമർശം (9) പ്രകാരം 01.04.2026 പ്രാബല്യത്തിൽ പരിഷ്കരിച്ച പുതുക്കിയ നിരക്കുകൾ അനുസരിച്ച് കാറ്റഗറി-III-ൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 840/-രൂപ ദിവസവേതനത്തിൽ പരമാവധി 22,680/-രൂപയും, കൺസോളിഡേറ്റഡ് കോൺട്രാക്ട് പേ പരമാവധി 23,360/-രൂപയുമാണ്. അതിനാൽ, ദിവസവേതന/കരാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പരാമർശം 1 മുതൽ 9 വരെയുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുക്കൊണ്ടും "സ്ഥിരപ്പെടുത്താൻ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ലെന്ന രേഖാമൂലമുള്ള ഉറപ്പ് വാങ്ങി സൂക്ഷിക്കേണ്ടതാണ്" എന്ന വ്യവസ്ഥയോടെയും കൃഷി വകുപ്പിലെ താൽക്കാലിക ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ അപേക്ഷ പരിഗണിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ മൂന്ന് ഹെൽപ് ഡെസ്ക് അസിസ്റ്റന്റുമാർ ജില്ലാതല-ബ്ലോക്ക്തല ഓഫീസുകളിലെ 159 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരുടെ നിലവിലെ കരാർ കാലാവധി (2026 മാർച്ച് 27 വരെ) അവസാനിച്ച് ഒരു പ്രവൃത്തിദിവസത്തെ ഇടവേളയ്ക്ക് ശേഷം 179 ദിവസം വീതമുള്ള രണ്ട് ടേം ആയി രണ്ട് ടേമിനിടയിൽ ഒരു പ്രവൃത്തിദിവസത്തെ ഇടവേള നൽകി, ദിവസവേതന നിരക്കിന് പകരം, മുൻവർഷങ്ങളിലേതുപോലെ കൺസോളിഡേറ്റഡ് കോൺട്രാക്ട് പേ അടിസ്ഥാനത്തിൽ 2026-27 സാമ്പത്തിക വർഷത്തേയ്ക്കു കൂടി കരാർ പുതുക്കുന്നതിന് അനുമതി പരിഷ്കരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

സ്വീകർത്താവ്

1. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ&ഇ), തിരുവനന്തപുരം. കേരളം,
3. ധനകാര്യ(അഗ്രി-എ) വകുപ്പ്.

4. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി (AGRI-IFA1/13/2026-AGRI)

ഉത്തരവിൻ പ്രകാരം
Signed by
Manesh C M
Date: 13-03-2026 15:15:08
സെക്ഷൻ ഓഫീസർ

പകർപ്പ്

കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
കൃഷി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.